വർക്കല പോലീസ് സ്റ്റേഷനിലെ എസ്. ഐ. ചിറയിൻകീഴ് പോലീസ് സ്റ്റേഷനിലെ എസ്. ഐ.യോട് മണിക്കുട്ടനെ കണ്ട് ചോദിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 7-7-2004-ൽ ടിയാനെ വർക്കല പോലീസ് സ്റ്റേഷനിലെ എ. എസ്. ഐ. സുകുമാരൻ, പി. സി. മാരായ വിദ്യാധരൻ, മോഹനൻ എന്നിവർ ചിറയിൻകീഴ് പോലീസ് സ്റ്റേഷനിൽ മണിക്കുട്ടനെ കൂട്ടിക്കൊണ്ടു വന്നിട്ടുള്ളതാണ്. മൂൻ വിരോധം നിമിത്തം പോലീസ് കോൺസ്റ്റബിൾമാർ വാഹനത്തിൽ വച്ച് ടിയാനെ ദേഹോപദ്രവമേൽപ്പിച്ചു എന്നാണ് ആരോപണം.

(സി) വിദ്യാധരൻ, മോഹനൻ എന്നിവർ.

(ഡി) ഉണ്ട്.

(ഇ) വിദ്യാധരനെ പാറശ്ശാല പോലീസ് സ്റ്റേഷനിലേക്കും മോഹനനെ വിതുര പോലീസ് സ്റ്റേഷനിലേക്കും സ്ഥലം മാറ്റുകയും ശിക്ഷണ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി വിശദമായ അന്വേഷണം നടത്തുന്നതിനുവേണ്ടി തിരുവനന്തപുരം ജില്ലാ പോലീസ് സൂപ്രണ്ടിന്റെ എച്ച്1/38995/04 റ്റി ഉത്തരവ് പ്രകാരം നെടുമങ്ങാട് ഡിവൈ. എസ്. പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(എഫ്) പരാതിയിൻമേൽ വിശദമായ അന്വേഷണം നടത്തിവരുന്നു.

(ജി) നെടുമങ്ങാട് ഡിവൈ. എസ്. പി. അന്വേഷണം നടത്തിവരുന്നു. അന്വേഷണം നടത്തി സാക്ഷി വിസ്താരം പൂർത്തിയാക്കി കുറ്റാരോപിതൻമാരായ പോലീസ് ഉദ്യോഗസ്ഥൻമാരിൽ നിന്നും ഇത് സംബന്ധിച്ച് അന്തിമ സമാധാനം വാങ്ങി റിപ്പോർട്ട് തയ്യാറാക്കേണ്ടതായിട്ടുണ്ട്.

(എച്ച്) ഇക്കാര്യം പരിശോധിച്ചിട്ടില്ല.

**വിദ്യാർത്ഥി സമരങ്ങളും ക്രമസമാധാന പ്രശ്നങ്ങളും**

52 [3748] *ശ്രീ. ഇ. എം. അഗസ്തി:*
„ *ബി. വിജയകുമാർ:*
„ *വി. ജെ. പൗലോസ്:*
„ *എം. കെ. പോൾസൺ മാസ്റ്റർ:*
„ *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥി സമരങ്ങളുടെ മറവിൽ ഇക്കഴിഞ്ഞ 2 വർഷത്തിനുള്ളിൽ റൗഡികളും, സാമൂഹ്യ വിരുദ്ധ ശക്തികളും വിദ്യാലയങ്ങളുടെ കാമ്പസുകളിൽ കടന്നുകൂടി ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു;

(സി) ഇത്തരം സാമൂഹ്യ വിരുദ്ധ ശക്തികൾ വിദ്യാലയ കാമ്പസുകളിൽ പ്രവേശിക്കുന്നതിനെ വിദ്യാർത്ഥികളും അദ്ധ്യാപകരും അനദ്ധ്യാപകരും പ്രോത്സാഹിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) ഉണ്ട്.

(ബി) ഇത്തരം സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാരെ കണ്ടെത്തി നിയമമനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അക്രമ സംഭവങ്ങൾ**

53 [3749] *ശ്രീ. എ. എ. അസീസ്:*

„ *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കരചരണങ്ങൾ ഛേദിച്ച എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇതിൽപ്പെട്ടവരുടെ രാഷ്ട്രീയ ബന്ധം വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം (31-8-2004 മുതൽ) ഇത്തരം 5 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) രാഷ്ട്രീയബന്ധം ഇല്ല.

**മയക്കുമരുന്നു കേസുകൾ**

54 [3750] *ശ്രീ. ബി. വിജയകുമാർ:*

„ *ലൂഡി ലൂയിസ്:*

„ *എം. എം. ഹസ്സൻ:*

*ഡോ. എം. എ. കുട്ടപ്പൻ:*

*ശ്രീ. ജോർജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്ത് കണ്ടുപിടിക്കപ്പെട്ട മയക്കുമരുന്നു കേസുകളിൽ 31-12-2004 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്യാതെയുണ്ട്;

(ബി) രജിസ്റ്റർ ചെയ്തവയിൽ എത്രയെണ്ണം ചാർജ് ചെയ്തു;

(സി) എത്രയെണ്ണത്തിന് കുറ്റപത്രം കൊടുത്തു; എത്രയെണ്ണം ശിക്ഷിക്കപ്പെട്ടു;

(ഡി) മയക്കുമരുന്നു കേസുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തു നടപടിയെടുക്കാനുദ്ദേശിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly